# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2392 — 20/6/2012 -ൽ മറുപടിക്ക്

# തെങ്ങ് കയറ്റ തൊഴിലാളികളുടെ സുരക്ഷിതത്വവും ആനുകൂല്യങ്ങളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) തെങ്ങ് കയറ്റ തൊഴിലാളികളെ വിദഗ്ധ തൊഴിലാളികളായി അംഗീകരിച്ച് നിലവിലുള്ള തൊഴിൽ നിയമങ്ങൾ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ അനുവദിക്കുവാനുള്ള നടപടി സ്വീകരിക്കുമോ; | (എ) തെങ്ങ് കയറ്റ തൊഴിലാളികളെ വിദഗ്ധ തൊഴിലാളികളായി അംഗീകരിക്കുന്ന കാര്യം പരിഗണനയിലില്ല. |
| (ബി) തെങ്ങ് കയറ്റ തൊഴിലാളികൾക്ക് ക്ഷേമനിധി, പെൻഷൻ എന്നിവ നടപ്പിലാക്കുകയും ജോലിക്കിടയിൽ അപകടത്തിൽപ്പെട്ട് മരണമടയുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് അർഹമായ നഷ്ടപരിഹാരം നൽകുവാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) തെങ്ങ് കയറ്റ തൊഴിലാളികൾക്കായി ഇപ്പോൾ പ്രത്യേക ക്ഷേമനിധി പ്രവർത്തിക്കുന്നില്ല. എന്നാൽ ഇവർ കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നുണ്ട്. മരം കയറ്റ തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിയുടെ ആശ്രിതർക്ക് 50,000/- രൂപയും സ്ഥായിയായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിക്ക് 25,000/- രൂപയും ധനസഹായം അനുവദിക്കുന്നുണ്ട്. ഇതുകൂടാതെ അപകടത്തിൽപ്പെട്ട് തൊഴിൽ ചെയ്യാനാകാതെ ദുരിതമനുഭവിക്കുന്ന തൊഴിലാളികൾക്ക് കാലാകാലങ്ങളിൽ സർക്കാർ അനുശാസിക്കുന്ന പെൻഷൻ നൽകുന്നതിന് 2012-ലെ കേരള മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| (സി) ഈ മേഖലയിൽ മിനിമം കൂലി പുതുക്കി നിശ്ചയിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) 06/7/2011-ലെ സ.ഉ. (എം.എസ്) നമ്പർ 87/11/തൊഴിൽ പ്രകാരം മരംകയറ്റ തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം കൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | തെങ്ങിനോട് ചേർന്നുള്ള ഇലക്ട്രിക് ലൈനുകളിൽ നിന്ന് അപകടങ്ങൾ ഒഴിവാക്കുവാൻ ഇലക്ട്രിക് കമ്പികൾ പി.വി.സി പൈപ്പുകൾ ഉപയോഗിച്ച് കവർ ചെയ്ത് ജോലി സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് വൈദ്യുതി വകുപ്പിനോട് ആവശ്യപ്പെടുമോ; | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളും തെങ്ങ് കയറ്റ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | മരം കയറ്റ തൊഴിലാളികൾക്കായി ഒരു ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

JSK/